# ലോഗോസ് ക്വിസ് ലഘുപാഠം (2018)
## വെളിപാടുഗ്രന്ഥം (*10-16*)

**ആമുഖം**

യോഹന്നാന്റെ വെളിപാട് പലർക്കും 'വെളിപ്പെടുത്തപ്പെടുന്ന' പുസ്തകമെന്നതിലുപരി ദുരൂഹതകളും അവ്യക്തതകളും നിറഞ്ഞുനില്ക്കുന്നതാണ്. വെളിപാടിൽ എത്ര വാക്കുകളുണ്ടോ അത്രയും രഹസ്യങ്ങളുണ്ട് എന്ന വി. ജെറോമിന്റെ പ്രസ്താവന ഈ ഗ്രന്ഥം എത്രമാത്രം രഹസ്യാത്മകമാണ് എന്നതിന്റെ സൂചനയാണ്. ഔദ്യോഗിക സഭയിൽത്തന്നെ പൊതുവേ ഈ ഗ്രന്ഥത്തിന് അധികം പ്രാധാന്യം ലഭിച്ചതായി കാണുന്നില്ല. പ്രതീകങ്ങൾ നിറഞ്ഞു നില്ക്കുന്നതിനാൽ വ്യാഖ്യാനിക്കാൻ ബുദ്ധിമുട്ടുണ്ടെന്നതും ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നുണ്ടെന്നതുമാകാം അതിന് ഒരു കാരണം. 'അകത്തും പുറത്തും എഴുതപ്പെട്ടതും സപ്തമുദ്രകൾ പതിച്ചതു'മായി (വെളി 5,1) സിംഹാസനസ്ഥന്റെ വലതുകൈയിലിരിക്കുന്ന ഗ്രന്ഥം പോലെ തുറക്കപ്പെടാത്ത ഗ്രന്ഥമായി പലർക്കും ഇത് അനുഭവപ്പെടുന്നു.

ഔദ്യോഗികസഭകളിൽ വെളിപാടിന് പ്രാധാന്യം കാണുന്നില്ലെങ്കിലും, സഭാന്തരവിഭാഗങ്ങളുടെയിടയിൽ ഇതിലെ പ്രതീകങ്ങൾ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. ലോകാവസാനത്തെക്കുറിച്ചുള്ള പ്രഖ്യാപനങ്ങളെല്ലാംതന്നെ വെളിപാടിനെ അധികരിച്ചുള്ളതാണ്. കലകളിൽ ഇതിനുള്ള സ്വാധീനവും എടുത്തു പറയേണ്ടിയിരിക്കുന്നു. ലോകാവസാനദൃശ്യങ്ങളും പുതിയ ആകാശവും പുതിയ ഭൂമിയുമെന്ന സ്വപ്നവും വിശ്വൈകജേതാവായ വെള്ളക്കുതിരപ്പുറത്തേറിയ ക്രിസ്തുവും സൂര്യനെ ഉടയാടയാക്കിയ സ്ത്രീയും എല്ലാം ഏതാനും ഉദാഹരണങ്ങൾ മാത്രം.

വെളിപാട്ഗ്രന്ഥം യോഹന്നാനു ലഭിച്ച ദർശനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു മനുഷ്യജീവിതത്തെയും ചരിത്രത്തെയും വ്യാഖ്യാനിക്കുന്ന താണ് ഇതിലെ മുഖ്യപ്രമേയമെന്നു പറയാം. ഈ ഗ്രന്ഥത്തിന്റെ ദുരൂഹതയുടെ തോടുകൾ ഭേദിച്ചാൽ വിസ്മയകരമായ ദൈവശാസ്ത്രലോകത്തെത്തിച്ചേരാൻ കഴിയും. ബൈബിളിലെ ഏറ്റവും സമ്പന്നമായ ദൈവശാസ്ത്രങ്ങളിലൊന്ന് വെളിപാടിലേതാണെന്ന് ചിലർ പറയുന്നു.

**രചയിതാവ്**

വെളിപാടിന്റെ രചയിതാവ് ആരെന്ന് ആമുഖത്തിൽ പറയുന്നുണ്ട്: 'ആസന്നഭാവിയിൽ സംഭവിക്കാനിരിക്കുന്നവയെ ... ദാസനായ യോഹന്നാന് വെളിപ്പെടുത്തി'(1,1-2; 4,9; 22,8). ദൈവദർശനം സ്വീകരിക്കുകയും സഭകൾക്ക് കൈമാറുകയും ചെയ്യുന്നത് ഈ യോഹന്നാനാണ്. ഈ ഗ്രന്ഥത്തിൽ നാല്പത്തിയേഴു പ്രാവശ്യം 'ഞാൻ കണ്ടു' എന്നും ഇരുപത്തിയേഴുപ്രാവശ്യം 'ഞാൻ കേട്ടു' എന്നും ആവർത്തിക്കുന്നതിൽ നിന്ന് ഗ്രന്ഥകാരൻ വെളിപാടിലെ ദർശനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഊഹിക്കാം. 'നിങ്ങളുടെ സഹോദരനും, പീഡകളിലും രാജ്യങ്ങളിലും ക്ഷമാപൂർവമായ സഹനത്തിലും യേശുവിൽ നിങ്ങളോടൊപ്പം പങ്കുചേർന്നവനുമായ യോഹന്നാനായ ഞാൻ'(1,9) എന്ന് പരിചയപ്പെടുത്തുന്ന അദ്ദേഹം സഭകളുടെ അനുദിനജീവിതം അടുത്തറിയുകയും സഹോദരങ്ങളുടെ പീഡകളിൽ പങ്കുചേരുകയും ചെയ്യുന്നു. ഈ സഭകളിൽ അദ്ദേഹത്തിന് ഉന്നതസ്ഥാനമുണ്ടായിരുന്നു എന്നത് നിസ്തർക്കമാണ്.

സുവിശേഷവും ലേഖനങ്ങളും എഴുതിയത് യോഹന്നാൻ ശ്ലീഹയാണെന്ന് പൊതുവേ കണക്കാക്കപ്പെടുന്നു. വെളിപാട് രചിച്ചതും ഇതേ ശ്ലീഹയാണെന്ന് പ്രബലമായ ഒരു പാരമ്പര്യമുണ്ട്. സെബദിയുടെ പുത്രനായ യോഹന്നാൻ സുവിശേഷവും വെളിപാടും എഴുതിയെന്ന് രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇരണേവൂസും പറയുന്നുണ്ട്. ഇതിന്റെ ചുവടുപിടിച്ച് ആദിമനൂറ്റാണ്ടിലെ പല സഭാപിതാക്കന്മാരും രചയിതാവ് യോഹന്നാൻ ശ്ലീഹയാണെന്ന അഭിപ്രായം തന്നെയാണ് ആവർത്തിക്കുന്നത്.

യോഹന്നാൻ ശ്ലീഹ എഴുതിയെന്ന് വെളിപാടുഗ്രന്ഥത്തിൽ എടുത്തുപറയാത്തത് രചയിതാവിനെപ്പറ്റി ആദിമനൂറ്റാണ്ടുമുതൽതന്നെ സംശങ്ങൾക്ക് ഇടനല്കി. കൂടെജീവിച്ച ഒരു വ്യക്തിയുടെ മിഴിവൊടെയല്ല ഗ്രന്ഥകാരൻ യേശുവിനെ ചിത്രീകരിക്കുന്നതെന്നതും ശ്രദ്ധേയമാണ്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനമാണ് വെളിപാടുഗ്രന്ഥം രചിക്കപ്പെട്ടതെന്ന് അംഗീകരിക്കുകയാണെങ്കിൽ ഈ കാലയളവിൽ യോഹന്നാന്റെ പ്രായാധിക്യം കൂടി പരിഗണിക്കാം. ഇത്ര മിഴിവുറ്റതും വിഭ്രമജനകവുമായ ചിത്രീകരണങ്ങൾ ഒരു വ്യക്തിക്ക് തന്റെ വാർധക്യത്തിൽ നല്കാൻ കഴിയുമോയെന്ന് ചിലർ സംശയിക്കുന്നു.

തന്റെ അനുഭവങ്ങളും ആശയങ്ങളും അടുത്തു പങ്കുവച്ചിരിക്കുന്ന ഒരു ശിഷ്യഗണം യോഹന്നാന് ഉണ്ടായിരുന്നതായി അനുമാനിക്കാം. ഈ സമൂഹത്തിലെ ഒരു ശിഷ്യൻ യോഹന്നാന്റെ ദർശനങ്ങൾക്കും വീക്ഷണങ്ങൾക്കും അന്തിമരൂപം നല്കിയതാണ് വെളിപാടുഗ്രന്ഥം. ദർശനം ലഭിച്ചത് യോഹന്നാൻ ശ്ലീഹായ്ക്കാണെങ്കിലും രചിച്ചത് വേറൊരു വ്യക്തിയാണെന്ന് ഈ വിശദീകരണം അംഗീകരിക്കുന്ന പഠിതാക്കാൾ പറയുന്നു. ഒരുപക്ഷേ, വെളിപാട് എഴുതിയ വ്യക്തി ആരെന്ന് നൂറുശതമാനം തീർച്ചയോടെ പറയാൻ ഒരിക്കലും കഴിഞ്ഞെന്നു വരികയില്ല.

**രചിക്കപ്പെട്ട വർഷം**

വെളിപാട് രചിക്കപ്പെട്ട വർഷവും ഇന്നു ചർച്ചാവിഷയമാണ്. കലിഗുള, ക്ലൗദിയൂസ് എന്നീ ചക്രവർത്തിമാരുടെ കാലഘട്ടത്തിൽ (എ.ഡി. 37-54) ഇത് എഴുതപ്പെട്ടെന്നു ചുരുക്കം ചിലർ അവകാശപ്പെടുന്നെങ്കിലും ഇന്നത് ആരും തന്നെ അംഗീകരിക്കുന്നില്ല. ഡൊമീഷ്യൻ ചക്രവർത്തിയുടെ (എ.ഡി.81-96) അവസാനനാളുകളിലാണ് വെളിപാട് എഴുതപ്പെട്ടതെന്ന് ഇരണേവൂസ് പറയുന്നുണ്ട്. അങ്ങിനെയെങ്കിൽ അത് എ.ഡി. 92-96 വർഷങ്ങളിലാണെന്നു കരുതപ്പെടുന്നു. വെളിപാടിലെ പീഡകളും മർദനങ്ങളും ഇതിന് ഉപോദ്ബലകമായി പഠിതാക്കൾ ചൂണ്ടികാണിക്കുന്നു. മാത്രമല്ല, സഭകൾക്കുള്ള എഴുത്തുകളിൽ സൂചിപ്പിക്കുന്ന പ്രശ്നങ്ങൾ എല്ലാംതന്നെ രണ്ടാം തലമുറയിലോ അതിനുശേഷമോ പ്രത്യക്ഷപ്പെടാൻ സാധ്യതയുള്ളതാണ്. എ.ഡി. 95-നോടടുത്ത് വെളിപാട് എഴുതപ്പെട്ടുവെന്ന അഭിപ്രായമാണ് ഇന്ന് കൂടുതൽ പഠിതാക്കളും സ്വീകരിക്കുന്നത്.

**രചിക്കപ്പെട്ടസ്ഥലം**

പാത്മോസ് എന്ന ദ്വീപിലായിരുന്നു യോഹന്നാന് ദൈവികവെളിപാട് ലഭിച്ചത് എന്ന് ഈ ഗ്രന്ഥത്തിൽ പറയുന്നു. തടവുകാരെ ശിക്ഷയ്ക്കായി താമസിപ്പിക്കാൻ റോമൻ ഭരണാധികാരികൾ വിജനവും ഒറ്റപ്പെട്ടതുമായ ഈ കൊച്ചുദ്വീപാണ് തിരഞ്ഞെടുത്തിരുന്നത്. യോഹന്നാനെയും അവിടേക്കു നാടുകടത്തിയതായിരിക്കണം എന്നു കരുതപ്പെടുന്നു. പക്ഷേ വെളിപാട് രചിക്കപ്പെട്ടത് പാത്മോസിലാണെന്ന് രചയിതാവ് പറയുന്നില്ല. ഇതിന്റെ രചന യോഹന്നാന്റെ സമൂഹമുണ്ടായിരുന്ന എഫേസോസിലോ ഏഷ്യാമൈനറിന്റെ തീരങ്ങളിൽ എവിടെയോ ആണെന്നാണ് പൊതുവെയുള്ള പണ്ഡിതമതം.

## മത-സാംസ്കാരിക-രാഷ്ട്രീയപശ്ചാത്തലം

വെളിപാടുഗ്രന്ഥം രചിക്കപ്പെട്ട ലോകത്തിന്റെ പ്രതിഫലനങ്ങൾ ഇതിലെ ആശയങ്ങളിലും പ്രതീകങ്ങളിലും പദപ്രയോഗങ്ങളിലും പ്രകടമാണ്. ഏതൊരു ദർശനത്തിനും അടിസ്ഥാനമായുള്ള പ്രത്യേക ചരിത്ര-സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കുന്നത് അതിന്റെ അർഥതലങ്ങളുടെ ആഴങ്ങളിലേക്കിറങ്ങാൻ സഹായിക്കും. ക്രിസ്തുമതം വ്യാപിക്കുമ്പോൾ മധ്യപൂർവേഷ്യൻ മേഖലകൾ രാഷ്ട്രീയസാമൂഹ്യ മാറ്റങ്ങൾ കൊടുമ്പിരികൊള്ളുന്ന വേദിയായിരുന്നു. റോമൻ സാമ്രാജ്യം ഭൂഖണ്ഡങ്ങൾ കടന്നു വിസ്തൃതമായികൊണ്ടിരുന്ന കാലഘട്ടവുമായിരുന്നു. വിഭിന്നങ്ങളായ ജനതകളും സംസ്കാരങ്ങളും വിശാലറോമൻ ഭരണത്തിൻകീഴിൽ ഉൾകൊണ്ടിരുന്നു. ഇതിൽപ്പെടുന്നവ ആയിരുന്നു വെളിപാടിന്റെ പുസ്തകത്തിൽ വിവരിക്കപ്പെടുന്ന ഏഴുസഭകളും. വൈദേശികാധിപത്യമാണ് സമൂഹത്തിൽ ഏറ്റവും ശക്തമായ കോളിളക്കങ്ങളും ശീഘ്രവ്യതിയാനങ്ങളും ഉളവാക്കുന്നത്. രാഷ്ട്രീയ വ്യവസ്ഥിതിയിലെ മാറ്റങ്ങൾ ഒരു സമൂഹത്തിന്റെ മുഖഛായ തന്നെ മാറ്റിമറിക്കുന്നത് ഇവിടേയും ദൃശ്യമായിരുന്നു.

**വിജാതീയ മതങ്ങൾ**

ഏഷ്യാമൈനറിൽ ആദിമനൂറ്റാണ്ടുകളിൽ വിവിധങ്ങളായ മതങ്ങളും ആചാരങ്ങളും നിലനിന്നിരുന്നു. എഫേസോസിലെ അർത്തേമിസ്/അർത്തിമാദെ പോളിമാസ്തെ ദേവതയുടെ കീർത്തികേട്ട ക്ഷേത്രം പൗരാണികാലത്തെ ഏഴു ലോകാദ്ഭുതങ്ങളിൽ ഒന്നായി കരുതപ്പെട്ടിരുന്നു. പെർഗാമോസിലെ സഭയ്ക്കുള്ള കത്തിൽ സൂചിപ്പിക്കുന്ന സാത്താന്റെ സിംഹാസനം അവിടെ രൂഢമൂലമായിരുന്ന വിജാതീയ മതങ്ങളെ സൂചിപ്പിക്കുന്നു. ഇവിടെയുണ്ടായിരുന്ന സേവൂസിന്റെ ബലിപീഠമായും ഇത് ബന്ധപ്പെട്ടിരിക്കുന്നു എന്നു ചിലർ കരുതുന്നു. സാർദിസിന്റെ പ്രധാനദേവത അർത്തെമീസും, ദേവൻ സേവൂസ് ലിദിയോസുമായിരുന്നു. ഇതുപോലെതന്നെ വിവിധ ദേവതകളുടെയും ആചാരങ്ങളുടെയും സ്വാധീനം മറ്റെല്ലാ നഗരങ്ങളിലും ഉണ്ടായിരുന്നു. വളരെ ശക്തമായിരുന്ന ഈ വിജാതീയ മതങ്ങളുടെ മധ്യേയാണ് ക്രൈസ്തവവിശ്വാസം വേരുറപ്പിക്കാൻ ശ്രമിച്ചിരുന്നത്.

**ചക്രവർത്തിയാരാധന**

സാമ്രാജ്യത്തോടുള്ള ആദരം കാലക്രമേണ ചക്രവർത്തിമാരോടുള്ള ഭക്തിയായി വളർന്നു. ഗ്രീക്കുമതങ്ങളിൽനിന്നുതന്നെ ഇതിനെ അംഗീകരിക്കുന്ന കാരണങ്ങൾ കണ്ടെത്താൻ സാധിച്ചു എന്നത് ചക്രവർത്തിയാരാധന പെട്ടെന്നു വേരുപിടിക്കാൻ സഹായിച്ചു. മരിച്ചുപോയവരോടുള്ള വണക്കം ആവശ്യങ്ങ

ളിലും അപകടങ്ങളിലും സഹായിക്കുമെന്നു യവനർ കരുതിയിരുന്നു. അഗസ്റ്റസ് ചക്രവർത്തി ജീവിതകാലത്തുതന്നെ ദൈവനാമത്തിൽ അറിയപ്പെടാൻ ആഗ്രഹിച്ചിരുന്നത് നീറോയുടെ കാലത്ത് സർവസാധാരണമായി. ലോകരക്ഷകൻ എന്ന് നീറോയും നാഥനും ദൈവവും എന്ന് ഡൊമീഷ്യനും വിളിക്കപ്പെടാൻ ആഗ്രഹിച്ചിരുന്നു. ബഹുദൈവങ്ങളെ ആരാധിച്ചിരുന്ന ജനതകൾക്ക് ഇവരെ ദൈവങ്ങളായി ആരാധിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. മാത്രമല്ല, ആ കല്പനയ്ക്ക് കീഴ്പ്പെടുന്നവർക്കു ലഭിച്ചിരുന്ന രാജകീയാനുകൂല്യങ്ങളാൽ പലരും അതിനെ സാമോദം ആശ്ലേഷിച്ചു.

ചക്രവർത്തിയാരാധന രൂഢമൂലമായിരുന്നിടത്ത് അതിനുള്ള അമ്പലം പണിയാൻ അനുവാദം ലഭിച്ചിരുന്നു. സ്മിർണപട്ടണത്തിൽ റോമാദേവതയ്ക്കായി ബി.സി. 195ൽ പടുത്തുയർത്തിയ അമ്പലം ഏഷ്യാമൈനറിൽ ഈ പുതിയ രാഷ്ട്രീയ-മത സ്വാധീനത്തിന്റെ തുടക്കം മാത്രമായിരുന്നു. ഈ പട്ടണങ്ങളെ ''നെയോകോറസ്'' (അമ്പലസംരക്ഷകൻ) എന്ന പദവിയും നല്കി റോമൻഭരണകൂടം ആദരിച്ചു. യോഹന്നാന്റെ കത്തുകളിലെ ഏഴു നഗരങ്ങളും പല കാലങ്ങളിലായി നെയോകോറസ് പദവി ലഭിച്ചിരുന്നവയായിരുന്നു എന്നത് ഈ പ്രദേശങ്ങളിൽ മുഴുവൻ വ്യാപകമായിരുന്ന ചക്രവർത്തിയാരാധനയ്ക്കു തെളിവാണ്. ബി.സി. 29ൽ പെർഗാമോസ്പട്ടണത്തിൽ റോമാദേവതയ്ക്കും അഗസ്റ്റസ് സീസറിനുമായി ക്ഷേത്രം പടുത്തുയർത്തി. ഇവിടെയാണ് റോമൻ ചക്രവർത്തിക്ക് ജീവിച്ചിരിക്കുന്ന സമയത്തുതന്നെ ആദ്യമായി ആരാധനാവേദി പണിതത്. ചക്രവർത്തിയാരാധനയുടെ കേന്ദ്രമായിരുന്ന എഫേസൂസിൽ ക്ലൗദിയൂസ്, ഡൊമീഷ്യൻ, ഹേദ്രിയൻ തുടങ്ങിയവർക്ക് ക്ഷേത്രങ്ങൾ സ്ഥാപിക്കപ്പെട്ടു.

എല്ലാവരും ചക്രവർത്തിയാരാധനയിൽ പങ്കെടുക്കാൻ കടപ്പെട്ടിരുന്നുവെങ്കിലും, ഏകദൈവത്തിൽ വിശ്വസിച്ചിരുന്ന യഹൂദർക്ക് ഇതിൽനിന്നും ഒഴിവുലഭിച്ചിരുന്നു. യഹൂദക്രിസ്ത്യാനികളും ഈ ആനുകൂല്യം അനുഭവിച്ചിരുന്നു. സാവധാനം യഹൂദരും ക്രൈസ്തവരും തമ്മിൽ അകന്നതിന്റെ പ്രത്യാഘാതങ്ങൾ രാഷ്ട്രീയതലത്തിലും പല പ്രശ്നങ്ങൾക്കു കാരണമായി. തങ്ങൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ ക്രിസ്ത്യാനികൾക്കു ലഭിക്കുന്നത് തടയാൻ യഹൂദർ ശ്രമിച്ചു. ഈ സമൂഹങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ അകന്നതിനെ തുടർന്ന് ചക്രവർത്തിയാരാധനയിൽ പങ്കുചേരാൻ ക്രിസ്ത്യാനികൾ നിർബന്ധിതരായി.

സർവാധിപനായ ഏകദൈവത്തിൽ വിശ്വസിച്ചവർക്കു വിശ്വാസപരിത്യാഗം ചെയ്യാതെ റോമൻ ചക്രവർത്തിയെ വണങ്ങാൻ കഴിയുമായിരുന്നില്ല. റോമൻസാമ്രാജ്യത്തോടുള്ള വിധേയത്വം പ്രകടിപ്പിക്കാൻ റോമൻദേവതകളെ പ്രത്യേക പ്രാർഥന ഏറ്റുചൊല്ലി വിളിക്കാനും ചക്രവർത്തിയുടെ പ്രതിമയ്ക്കു മുമ്പിൽ വീഞ്ഞും ധൂമവും അർപ്പിക്കാനും ക്രിസ്തുവിനെ ദ്വേഷിക്കാനും അവർ നിർബന്ധിക്കപ്പെട്ടതായി രണ്ടാം നൂറ്റാണ്ടിലെ പ്ലീനിയുടെ എഴുത്തുകളിൽ സൂചിപ്പിക്കുന്നുണ്ട്. അവരിൽ ചിലർ വിശ്വാസം ത്യജിച്ചതായും മറ്റുചിലർ ക്രിസ്തുവിലുള്ള വിശ്വാസം ധൈര്യപൂർവം ഏറ്റുപറഞ്ഞതായും അദ്ദേഹം എഴുതുന്നു. വെളിപാടിൽ കാണുന്ന ശക്തമായ ഭാഷയിലെ പ്രതികാരത്തിനായുള്ള മുറവിളിയും ഭീകരമായ വിധത്തിൽ തിന്മയുടെ സഹാനുവർത്തികളെ ഉന്മൂലനം ചെയ്യുന്ന ചിത്രീകരണവും സഭയുടെ പ്രശ്നസങ്കീർണങ്ങളായ ദിനങ്ങളിലേക്കാണ് വിരൽചൂണ്ടുന്നത്.

**അപഭ്രംശംവന്ന സാമൂഹ്യാചാരങ്ങൾ**

ക്രൈസ്തവസമൂഹത്തെ ഉള്ളിൽനിന്നു കാർന്നുതിന്നുതായിരുന്നു സാമൂഹികജീവിതത്തിലെ ലാഘവങ്ങളായ കാഴ്ചപാടുകളും ഇടപെടലുകളും. ഈ കൂട്ടുചേരലിന്റെ വക്താക്കളാണ് ''ജേസബേൽ'', ''നിക്കോളായക്കാർ'' എന്നിങ്ങനെ വിളിക്കപ്പെടുന്നവർ. ഈ സാമൂഹ്യതിന്മയുടെ വ്യാപ്തി അറിയണമെങ്കിൽ ആ നാളുകളിലെ ഏഷ്യാമൈനറിലെ സാംസ്കാരിക പശ്ചാത്തലത്തിലേക്കു കടന്നുചെല്ലണം. ഏഷ്യമൈനറിലെ സാമൂഹ്യാവസ്ഥയിൽ ഉത്പാദകസംഘങ്ങൾക്കു വലിയ പ്രാധാന്യമുണ്ട്. പെർഗാമോസിലെയും ലവൊദീഷ്യയിലെയും നിറംകൂട്ടുകാരും സ്മിർണയിലെ വെള്ളി-സ്വർണപണിക്കാരും എഫേസോസിലെ പണമിടപാടുകാരും തിയത്തിറയിലെ കമ്പിളിവ്യാപാരികളും സാർദീസിലെ കെട്ടിടംപണിക്കാരും ഫിലഡെൽഫിയയിലെ കമ്പിളിനെയ്ത്തുകാരും എല്ലാം ഓരോ തൊഴിൽ സംഘങ്ങളിൽ അംഗങ്ങളായിരുന്നു. റോമൻഭരണകാലത്താണ് ഉത്പാദകസംഘങ്ങൾ കൂടുതൽ വ്യാപകമായത്. ഈ സംഘങ്ങൾ ഏതെങ്കിലും ദേവതകളെ സംരക്ഷകരായി സ്വീകരിച്ചിരുന്നു. ഈ ദേവതകളുടെ ബഹുമാനാർഥം വർഷംതോറും അവർ സംഘടിപ്പിക്കുന്ന വിരുന്നുകളിൽ സംബന്ധിക്കുക അവയിലെ അംഗങ്ങളുടെ കടമയായി അവർ കരുതി.

തൊഴിൽ സംഘങ്ങളും അവയുമായി ബന്ധപ്പെട്ട സാമൂഹ്യാചാരങ്ങളും ക്രിസ്ത്യാനികൾക്കു വലിയ തലവേദനയായിരുന്നു. പരദൈവങ്ങളെ ആരാധിക്കുന്നവരുടെ ആഘോഷങ്ങളിൽ പങ്കെടുക്കാൻ അവർ നിർബന്ധിതരായിരുന്നു. തൊഴിൽ സംഘങ്ങളിലുണ്ടായിരുന്ന ക്രിസ്ത്യാനികൾക്ക് ഈ ആഘോഷങ്ങളിൽ നിന്നു മാറിനില്ക്കുക എളുപ്പമായിരുന്നില്ല. പക്ഷേ, ഈ ആഘോഷങ്ങളിൽ പങ്കെടുക്കുന്നത് ആ ദേവന്മാരെ അംഗീകരിക്കുന്നതിനും ബഹുമാനിക്കുന്നതിനും തുല്യമായിരുന്നു.

ഈ ആചാരങ്ങളിൽ പങ്കുചേരുമ്പോൾ വിജാതീയസമൂഹത്തിന്റെ വിശ്വാസങ്ങൾ അംഗീകരിക്കുക യല്ല അവരുടെ കൂട്ടായ്മയിൽ പങ്കുചേരുകമാത്രമാണ് ചെയ്യുന്നത് എന്നു പറഞ്ഞിരുന്നവർ കുറവല്ലായിരു ന്നു. ക്രൈസ്തവസമൂഹത്തിന് പ്രതികൂലസാഹചര്യങ്ങളിൽ നിലനില്ക്കാനുള്ള മാർഗമായിപോലും അത് വിശേഷിപ്പിക്കപ്പെട്ടു. സാമ്പത്തികമെച്ചവും സാമൂഹികാഭ്യുന്നതിയും കൈവരിക്കാനുള്ള എളുപ്പവഴിയായി ചിലരെങ്കിലും അതിനെ കണക്കാക്കി. ധർമസങ്കടത്തിലായ ക്രിസ്ത്യാനികളിൽ ചിലർ സാമ്പത്തിക സംര ക്ഷണത്തെപ്രതി ഇവിടെയെല്ലാം അയഞ്ഞ സമീപനം സ്വീകരിച്ചെങ്കിൽ അദ്ഭുതമില്ല.

നിക്കൊളായക്കാർ ക്രൈസ്തവപഠനങ്ങളെ സാഹചര്യത്തിന് അനുസരിച്ച് വ്യാഖ്യാനിച്ച് അവരുടെ സമൂഹത്തിലെ സമാധാനപരമായ നിനില്പ്പ് ഉറപ്പുവരുത്താൻ ശ്രമിച്ചിരുന്നതായി കരുതാം. ഈ നേതാ ക്കളെ സൂക്ഷിക്കണമെന്ന് പെർഗാമോസ്, തിയത്തിറ സഭകളെ ഉദ്ബോധിപ്പിക്കുന്നുണ്ട് (2,12–15; 20–24). ക്രൈസ്തവമൂല്യങ്ങളെ സംബന്ധിച്ചു ലാഘവവീക്ഷണം മറ്റു പ്രദേശങ്ങളിലും വ്യാപകമായിരുന്നുവെന്നു കരുതാൻ ന്യായങ്ങളുണ്ട്. വെളിപാടിലെ അന്തിമദർശനങ്ങളുടെ ഒരു ലക്ഷ്യം വ്യഭിചാരതുല്യമായ ഈ സമൂഹവേഴ്ചകളിൽ നിന്നു ക്രിസ്ത്യാനികളെ പിന്തിരിപ്പിക്കുകയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

**അധാർമിക സമ്പത്ത്**

വെളിപാട് ഒരു ചരിത്രപുസ്തകം അല്ലാത്തതിനാൽ അതിൽ ചിത്രീകരിക്കുന്ന സമൂഹത്തിൽ നില നിന്നിരുന്ന തിന്മകൾ ഊഹിക്കുകയേ നിവൃത്തിയുള്ളൂ. ബാബിലോണിനെ ചിത്രീകരിക്കുന്നിടത്തും അതു നിപതിക്കുമ്പോൾ ഉയരുന്ന വിലാപത്തിലും കുറെയൊക്കെ സൂചനകൾ കണ്ടെത്താം. തിന്മയുടെ അവതാര മായ ബാബിലോണിനെ വേശ്യയായിട്ടാണ് ചിത്രീകരിക്കുന്നത്. അന്യായമായി കുന്നുകൂടുന്ന സമ്പത്തിന്റെ പ്രതീകമാണ് ആഡംബരത്തിൽ മുങ്ങിയ വേശ്യ. ജനങ്ങളിൽനിന്നു പിരിക്കുന്ന കപ്പം പലപ്പോഴും അവരുടെ മുതുകിലേറ്റുന്ന നുകം പോലെയാണ്. വാണിജ്യവും ഇതിന്റെ ഭാരം കൂട്ടുന്നു. കച്ചവടസാധനങ്ങളുടെ പേരു കൾ ശ്രദ്ധിക്കുക: 'സ്വർണം, വെള്ളി ... അടിമകൾ, അടിമകളല്ലാത്ത മനുഷ്യർ' (18,12–14). ഇവിടെ വിവരി ക്കുന്ന കച്ചവടക്കാരിൽ 'മനുഷ്യരും' ഉണ്ടെന്നത് കച്ചവടത്തിലെ അധാർമികതയുടെ ആഴം കാണിക്കുന്നു.

**തിന്മകൾക്കെതിരെയുള്ള ശബ്ദം**

തിന്മനിറഞ്ഞ രാഷ്ട്രീയ-സാമൂഹിക വ്യവസ്ഥിതികൾക്കും ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കുമെ തിരായ യുദ്ധപ്രഖ്യാപനമാണ് വെളിപാടിലെ ദർശനങ്ങൾ. വെളിപാട് നാലാം അധ്യായത്തിൽ ചിത്രീകരി ക്കുന്ന സർവസൃഷ്ടികളുടെയും ആരാധന സ്വീകരിക്കുന്ന സിംഹാസനാരൂഢനായ ദൈവമാണ് ഈ ദർശ നത്തിന്റെ കാതൽ. ദൈവികത സ്വയം ആരോപിക്കുന്ന റോമൻചക്രവർത്തിമാർ അവിടെ നിഷ്പ്രഭരാക്കപ്പെ ടുന്നു. ദൈവമായി ജനതകൾ ആരാധിക്കുന്ന ഇവരെ മൃഗമായാണ് വെളിപാടിൽ ചിത്രീകരിക്കുന്നത് എന്ന തുതന്നെ ഇതിലെ ആക്രമണശരത്തിന്റെ മൂർച്ച വെളിവാക്കുന്നു.

'കൊല്ലപ്പെട്ടതുപോലെ നില്ക്കുന്ന കുഞ്ഞാടി'നെ അനുഗമിക്കുന്നവരാണ് പുതിയ ദൈവജനമെന്ന് സിനഗോഗുകളിൽ നിന്നു പുറംതള്ളപ്പെട്ട സഭാസമൂഹത്തോട് യോഹന്നാൻ പറയുന്നു. ക്രിസ്തുവിനെ പിൻചെല്ലുന്ന ഇവരാണ് യഥാർഥ ആരാധകർ; ദൈവാരാധനയാണ് യഥാർഥ ആരാധന. റോമൻ ഭരണാധി കാരികൾ കൊണ്ടുവരുന്ന സമാധാനമല്ല, ക്രിസ്തുവാകുന്ന കുഞ്ഞാട് സാക്ഷാത്കരിക്കുന്ന പുതിയ ലോക മാണ് നിത്യമായുള്ളത്. തിന്മയുടെ മാലിന്യമേശാത്ത പുതിയ ജറുസലേം ദൈവജനം സ്വന്തമാക്കുന്നതിന്റെ വർണനയോടെയാണ് യോഹന്നാന്റെ ദർശനങ്ങൾ സമാപിക്കുന്നത്.

ഈ ദർശനങ്ങൾ ഉൾകൊള്ളുന്ന ക്രൈസ്തവർ സങ്കീർണമായ ലോകത്തിൽ അതീവം ജാഗരൂകരാ യിരിക്കണമെന്നു യോഹന്നാൻ ഉദ്ബോധിപ്പിക്കുന്നു. തിന്മയുടെ മാർഗത്തിലൂടെ ചരിക്കുന്നത് വിഗ്രഹാരാ ധനയും തിന്മയുടെ സേവകർ വിഗ്രഹാരാധകരുമത്രേ. വിജാതീയാചാരങ്ങളിൽ പങ്കുചേരുന്നത് യേശു വിന്റെ മൂല്യങ്ങളോടുള്ള പ്രതിബദ്ധതയിൽ അയവുവരുത്തുന്നതാണെന്നു യോഹന്നാൻ നിർദാക്ഷിണ്യം പ്രസ്താവിക്കുന്നു. സാമ്പത്തികനേട്ടത്തിനും നിലനില്പിനുമായി രാഷ്ട്രീയാധികാരികളെ പ്രീണിപ്പിക്കു ന്നതും അധാർമികവ്യാപാരങ്ങളിൽ ഏർപ്പെടുന്നതും ക്രൈസ്തവമൂല്യങ്ങളുമായി ഒത്തുപോകുകയില്ല.

പുറംമോടിയിൽ മറഞ്ഞിരിക്കുന്ന തിന്മയുടെ തനിനിറം പുറത്തുകൊണ്ടുവരാനും അവയുടെ ആത്യ ന്തികമായ നിലനില്പില്ലായ്മ സ്ഥാപിക്കാനുമാണ് വിഗ്രഹാരാധകർക്കെതിരായ അപ്പോക്കലിപ്റ്റിക് ഭീകര തയാർന്ന പോരാട്ടം ചിത്രീകരിക്കുന്നത്. ക്രൈസ്തവസമൂഹത്തെ പീഡിപ്പിച്ചവർ ദൈവശക്തിയാൽ ഉന്മൂ ലനം ചെയ്യപ്പെടുന്ന വിവരണം ശക്തിഹീനരായ ദൈവജനത്തിന് പീഡകളിൽ ആശ്വാസമേകുകയും നന്മ യുടെ സുനിശ്ചിതവിജയം പ്രഖ്യാപിക്കുകയും ചെയ്യുന്നു. തിന്മ നിറഞ്ഞതും സംഘർഷഭരിതവുമായ ചുറ്റു പാടുകളിൽ നിലനില്ക്കാൻ ബദ്ധപ്പെടുന്ന ആദിമക്രൈസ്തവസമൂഹത്തിന് തിന്മയുടെ ആത്യന്തികനിലനി ല്പില്ലായ്മ കാണിച്ചുകൊടുക്കാനും ക്രിസ്തുകേന്ദ്രീകൃതമായ പുതുയുഗപ്രതീക്ഷയും ഈ നവലോകം പടുത്തുയർത്താൻ കർമശേഷിയും നല്കാനുമാണ് വെളിപാട് രചിക്കപ്പെട്ടതെന്നു പറയാം. പുത്തൻപ്രതീ

ക്ഷകൾ പൂവിടരുന്ന യോഹന്നാന്റെ ദർശനത്തിന്റെ വേരുകൾ അതു രചിക്കപ്പെട്ട ലോകത്തിൽ പടർന്നു കിടക്കുന്നതു നാമിവിടെ കാണുന്നു.

**സാഹിത്യരൂപം**

വെളിപാടിൽ വിവിധങ്ങളായ ശൈലികളുടെ സ്വാധീനം കാണുവാൻ കഴിയും. അപ്പോക്കലിപ്റ്റിക് സാഹിത്യരൂപം, പ്രവചനം, ആരാധനാലേഖനശൈലി തുടങ്ങിയവയാണ് പ്രമുഖമായവ. ഈ ഗ്രന്ഥത്തിലെ വിവരണങ്ങളുടെ അർഥം തിരിച്ചറിയണമെങ്കിൽ ഇതിൽ ഉപയോഗിച്ചിരിക്കുന്ന ശൈലികളുടെ പ്രത്യേകത കൾ മനസ്സിലാക്കേണ്ടതുണ്ട്.

**a) അപ്പോക്കലിപ്റ്റിക് സാഹിത്യരൂപം**

പ്രശ്ന സങ്കീർണതകൾ നിറഞ്ഞ സമൂഹം. ഭാസുരമായ ഭാവി സ്വപ്നം കാണുന്നതിന്റെ സാ ഹിത്യ പ്രകടനമാണ് അപ്പോക്കലിപ്റ്റിക് ഗ്രന്ഥങ്ങൾ. യഹൂദസമൂഹത്തിലും ക്രൈസ്തവസമൂഹങ്ങളി ലും ബി. സി. 200നും എ.ഡി. 200നും ഇടയ്ക്ക് അപ്പോക്കലിപ്റ്റിക് പ്രസ്ഥാനങ്ങൾ തഴച്ചുവളർന്നിരുന്നു.

മതമർദനങ്ങളുടെയും അരക്ഷിതാവസ്ഥയുടെയും മുന്നിൽ നിസ്സഹായമനുഷ്യൻ ദൈവത്തിന്റെ ഇട പെടലിലൂടെ തിന്മയുടെ ലോകത്തിന് അറുതിവരുവാൻ കാത്തിരിക്കുന്നതാണ് ഈ ഗ്രന്ഥങ്ങളിലെ മുഖ്യപ്ര മേയം. തിന്മനിറഞ്ഞ വ്യവസ്ഥിതികൾക്കെതിരെയുള്ള ശക്തമായ എതിർപ്പ് ഇവിടെ വ്യക്തമാണ്. ദൈവം മിശിഹായിലൂടെ പുതിയലോകം സംസ്ഥാപിക്കുന്നതിന്റെ പുതിയ അവബോധവും വിത്തുകളും പ്രതീകഭാ ഷയിലൂടെ അപ്പോക്കലിപ്റ്റിക് രചനകൾ അവതരിപ്പിക്കുന്നു.

അപ്പോക്കലിപ്റ്റിക് രചനകൾ പ്രഥമമായും ദർശനവിവരണങ്ങളാണ്. നന്മ-തിന്മകളുടെ ദ്വിമാനവീ ക്ഷണത്തിൽ നിന്നുകൊണ്ട് ദൈവികശക്തികളുടെയും പൈശാചിക ശക്തികളുടെയും സംഘർഷം ഇവിടെ വിവരിക്കപ്പെടുന്നു. തിന്മകളുടെ ശക്തികൾ എത്ര പ്രബലമെന്നു തോന്നിയാലും ആത്യന്തികവി ജയം ദൈവത്തിന്റേത് എന്ന് അപ്പോക്കലിപ്റ്റിക് ഗ്രന്ഥങ്ങൾ പ്രഖ്യാപിക്കുന്നു. ഈ വിശ്വാസത്തിൽ നിന്ന് ശക്തി സ്വീകരിച്ച് തിന്മയ്ക്കെതിരെ പോരാട്ടം നടത്താൻ അനുവാചകരെ ഈ അപ്പോക്കലിപ്റ്റിക് ഗ്രന്ഥ ങ്ങൾ ആഹ്വാനം ചെയ്യുന്നു. വെളിപാടുഗ്രന്ഥത്തിൽ അപ്പോക്കലിപ്റ്റിക് ശൈലിയുടെ സ്വാധീനം വളരെ വ്യക്തമാണ്. പക്ഷേ, വരാനിരിക്കുന്ന മിശിഹായല്ല, മിശിഹാരാജ്യത്തിന് ആരംഭം കുറിച്ച ഉയിർത്തെഴു ന്നേറ്റ ക്രിസ്തുവാണ് പുതിയലോകം യാഥാർഥ്യമാക്കുന്നത്. ചരിത്രത്തിനപ്പുറത്തെ ലോകമെന്നതിലുപരി സഭകളുടെ ഇന്നത്തെ ലോകമാണ് ഇവിടെ പരിഗണിക്കപ്പെടുന്നത് എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഭാവിയെക്കുറിച്ചല്ല വർത്തമാനകാലത്തെക്കുറിച്ചുള്ള ഗ്രന്ഥമാണ് വെളിപാട്.

**b) പ്രവചനഗ്രന്ഥം**

വിവരണത്തിന്റെ ആരംഭത്തിൽ തന്നെ ഇത് പ്രവചനഗ്രന്ഥമാണെന്ന് ഗ്രന്ഥകാരൻ പറയുന്നു. (1,3). ഈ ഗ്രന്ഥം അവസാനിക്കുന്നതും ഈ സൂചന നല്കികൊണ്ടുതന്നെയാണ് (22,18-19). ഈ ഗ്രന്ഥത്തിലുട നീളം പ്രവാചകരെക്കുറിച്ചുള്ള സൂചനകളുണ്ട്. വെളിപാടിന്റെ രചയിതാവ് പഴയനിയമ പ്രവചന പാരമ്പര്യത്തിന്റെ അവസാനകണ്ണിയായി സ്വയം അവതരിപ്പിക്കുന്നു (10,1-11). ഇതിലെ വിവരണങ്ങളിലുട നീളം പ്രവചനഗ്രന്ഥങ്ങളിൽ കാണുന്ന പ്രത്യേകദൗത്യത്തിനായുള്ള ദൈവത്തിന്റെ വിളിയും മാനസാന്തര ത്തിനുള്ള ആഹ്വാനവും ആശ്വാസവചസ്സുകളും കാണാവുന്നതാണ്. വെളിപാടിലെ പ്രവചനങ്ങളെക്കുറി ച്ചുള്ള ചില ധാരണകൾ തിരുത്തേണ്ടതുണ്ട്. ഭയാനകമായ ലോകാന്ത്യമാണ് പലരെ സംബന്ധിച്ചും വെളി പാട് തുറന്നുകാട്ടുന്നത്. പക്ഷേ, സഭകളുടെ ജീവിതത്തിൽ സന്നിഹിതനായ ഉത്ഥിതൻ തെറ്റുകളുടെ പാത യിൽ നിന്നും അവരെ തിരികെ കൊണ്ടുവരുന്നതാണ് ഇതിലെ പ്രവചനങ്ങളുടെ ലക്ഷ്യം. ഉയിർത്തെഴു ന്നേറ്റ യേശു ആരംഭംകുറിച്ചിരിക്കുന്ന ദൈവരാജ്യം സാക്ഷാത്കരിക്കാൻ വിശ്വാസികൾക്കു നല്കുന്ന ദൗത്യമാണ് വെളിപാട് പ്രതീകനിബിഡമായ ഭാഷയിൽ അവതരിപ്പിക്കുന്നത്.

**c) ആരാധനാഗ്രന്ഥം**

വെളിപാട് കർതൃദിനത്തിൽ യോഹന്നാനു ലഭിക്കുന്ന ദർശനമായി (1,10) അവതരിപ്പിക്കുമ്പോൾ അപ്പം മുറിക്കൽ ശുശ്രൂഷയുടെ പശ്ചാത്തലമാണ് ഉദ്ദേശിക്കുന്നതെന്ന് ബൈബിൾ പണ്ഡിതർ അഭിപ്രായ പ്പെടുന്നു. ആരാധനയുടെ നിരവധി സൂചനകൾ ഈ ഗ്രന്ഥത്തിലുണ്ട്. ദൈവികാരാധനയും പൈശാചികാ രാധനയും തമ്മിലുള്ള സംഘട്ടനവും ദൈവികാരാധനയുടെ വിജയവുമാണ് വെളിപാട് വിവരിക്കുന്നത്.

**d) ലേഖനശൈലി**

വെളിപാടിലെ രണ്ടും മൂന്നും അധ്യായങ്ങൾ കത്തുകളുടെ രൂപത്തിലുള്ളവയാണ്. ഈ കത്തുക ളെല്ലാം ഒരേ ഘടന തന്നെയാണ് ഉപയോഗിക്കുന്നതും. ഒരു ശൈലി എന്നതിൽ കവിഞ്ഞ പ്രത്യേകത ഇവിടെയുണ്ടോ എന്ന് സംശയമാണ്. പുതിയനിയമത്തിലെ പൗലോസ് ശ്ലീഹയുടെ രചനകളാണ് മുഖ്യ

മായും കത്തുകളായി പരിഗണിക്കപ്പെടുന്നത്. അഭിസംബോധനയും ആശംസകളും ഉപദേശവും ഈ കത്തുകളിൽ കാണുന്നതുപോലെ വെളിപാടിൽ കാണുന്നില്ല.

**വെളിപാടും പ്രതീകങ്ങളും**

വെളിപാടുഗ്രന്ഥം പ്രതീകങ്ങളുടെ ഒരു കലവറ തന്നെയാണ്. സാധാരണങ്ങളും അസാധാരണങ്ങളുമായ പ്രതീകങ്ങൾ നിറഞ്ഞ വിവരണങ്ങൾ ആദ്യവായനയിൽ മനസ്സിലാക്കുക എളുപ്പമല്ല. അവയുടെ പൊതുവായ പ്രത്യേകതകൾ അറിയുന്നത് വ്യാഖ്യാനത്തിന് സഹായിക്കും. വെളിപാടിൽ കാണുന്ന പ്രതീകങ്ങൾ പൊതുവേ താഴെകാണുന്നതാണ്:

1. **പ്രപഞ്ച ശക്തികൾ:** പുതിയ ആകാശം, പുതിയ ഭൂമി, നക്ഷത്രങ്ങൾ, പാതാളം, സർപ്പം, തിന്മയുടെ ശക്തികൾ തുടങ്ങിയ ഇവയിൽ പെടുത്താം.

2. **മനുഷ്യനുമായി ബന്ധപ്പെട്ടവ:** കുഞ്ഞാടിനെ അനുഗമിക്കുന്നവർ, കുഞ്ഞാടിന്റെ മണവാട്ടി, മനുഷ്യശരീരഭാഗങ്ങളായ തല, കൈ തുടങ്ങിയവ

3. **മൃഗങ്ങൾ:** കുഞ്ഞാട്, സിംഹം, മൃഗം, സർപ്പം, കുതിര തുടങ്ങിയവ

4. **നിറങ്ങൾ:** വെളുപ്പ്, ചുവപ്പ്, കറുപ്പ്, ധൂമ്രം തുടങ്ങിയ വിവധ നിറങ്ങൾ വെളിപാടിലുണ്ട്. വെളുപ്പ് നിറത്തിന്റെ വ്യാഖ്യാനം ഇവിടെ പ്രാധാനപ്പെട്ടതാണ്. വെളിപാടിൽ വെളുപ്പ് വിജയം, നിർമലത, ഉയിർപ്പ് തുടങ്ങിയവയുടെ പ്രതീകമാണ്. വെളുത്ത വസ്ത്രം ധരിച്ചവർ ക്രിസ്തുവിന്റെ ഉയിർപ്പിൽ പങ്കുചേരുന്നവരാണ്.

5. **സംഖ്യാപ്രതീകങ്ങൾ:** വെളിപാടിലെ സംഖ്യകൾ പലതും പ്രതീകാത്മകമായാണ് ഉപയോഗിച്ചിരിക്കുന്നത്. 3, 4, 7, 12, 42, 1260, 3 1/2, 144000 തുടങ്ങീ നിരവധി സംഖ്യകൾ ഈ വിവരണത്തിൽ ഉപ യോഗിച്ചിരിക്കുന്നു. മൂന്ന് ദൈവികത്രിത്വത്തിലും പൈശാചിക ത്രിത്വത്തിലും ഉണ്ട്. നാലുദിക്കുകൾ ഭൂമിമുഴുവനെയും, ഏഴ് പൂർണതയെയും സൂചിപ്പിക്കുമ്പോൾ പന്ത്രണ്ട് ബൈബിളിലെ 12 ഗോത്രങ്ങളെയും 12 ശിഷ്യരെയും സൂചിപ്പിക്കുന്നു. 144 എന്നത് 12x12 എന്നും, അതിനാൽ പഴയനിയമ-പുതിയനിയമ ദൈവജനം മുഴുവൻ എന്നും മനസ്സിലാക്കാം. മൂന്നരയും 42 മാസവും 1260 ദിവസവും എല്ലാം ഏഴിന്റെ പകുതിയാണ്. ക്ലേശങ്ങളുടെയും ദൈവപരിപാലനയുടെയും കാലം ഇത് ദ്യോതിപ്പിക്കുന്നു.

**ഘടന**

വെളിപാടുഗ്രന്ഥത്തിലെ വിവരണത്തിൽ ഘടനക്ക് വലിയ പ്രാധാന്യമുണ്ടെന്ന് പണ്ഡിതരെല്ലാം സമ്മതിക്കുന്നുണ്ടെങ്കിലും, ഘടനയുടെ കാര്യത്തിൽ ഐകരൂപ്യം ഇല്ലെന്നതാണ് യാഥാർഥ്യം. ഇവിടെ ഗ്രന്ഥത്തിന്റെ ലളിതമായ ഘടനമാത്രമാണ് നല്കുന്നത്.

1. ആമുഖവിവരണം – 1,1–20
    2. പശ്ചാത്തലം
        സഭകളുടെ പശ്ചാത്തലം – 2,1–3,22
        ദൈവശാസ്ത്രപശ്ചാത്തലം – 4,1–5,14
        3. ദൈവികഇടപെടൽ – 6,1–9,21; 11,14–18
            4. സാക്ഷ്യവും പരിപാലനവും
                പ്രവാചകർ – 10,1–11,13
                സ്ത്രീയും സർപ്പവും – 12,1–15,4
        3' ദൈവികഇടപെടൽ – 15,5–16,21
    2' ശിക്ഷയും രക്ഷയും
        തിന്മയുടെ ഉന്മൂലനം – 17,1–20,15
        പതിയ ജറൂസലേം – 21,1–22,5
1' ഉപസംഹാരം – 22,6–21

വെളിപാടിലെ വിവരണത്തിൽ ആവർത്തനങ്ങളും, ഉൾച്ചേർക്കലുകളും ഉണ്ട്. വിവരണം പുരോഗമിക്കുന്തോറും ക്രമാനുഗതമായി ഒരു ലക്ഷ്യത്തിലേക്കുള്ള പുരോഗതിയും കാണുവാൻ കഴിയും. ഇതിലെ ഓരോ ഭാഗങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പ്രാരംഭ ദർശനത്തിലെ സൂചനകൾ തുടർന്നുവരുന്ന കത്തുകളുടെ ഭാഗത്ത് ആവർത്തിച്ചിരിക്കുന്നു; ലേഖന ഭാഗത്തുള്ളവയാകട്ടെ, തുടർന്നുള്ള ദർശനങ്ങളുടെ വിവരണത്തിലും. വെളിപാടിലുള്ള വിവിധ ഭാഗങ്ങൾ തമ്മിലുള്ള ബന്ധവും ഐക്യവും ഇതിന്റെ വ്യാഖ്യാനത്തിന് വളരെ പ്രാധാന്യമർഹിക്കുന്നു.

## ഉള്ളടക്കം

### പ്രവാചകവിളിയും രണ്ടു സാക്ഷികളും (10,1-11,13)

വെളിപാടിലെ 10-11 അധ്യായങ്ങളിൽ പ്രവാചകവിളിയും പ്രവാചകദൗത്യവുമാണ് വിവരിച്ചിരിക്കുന്നത്. പന്ത്രണ്ടാം അധ്യായംമുതൽ തിന്മയുടെ ശ്കതികളും അവയിൽനിന്നു ദൈവജനത്തിനു ലഭിക്കുന്ന ദൈവസംരക്ഷണവും ചിത്രീകരിച്ചിരിക്കുന്നു. ദൈവജനം നല്കുന്ന സാക്ഷ്യവും ദൈവത്തിന്റെ പരിപാലനവുമാണ് വെളിപാടിലെ ദൈവശാസ്ത്രത്തിന്റെ മർമ്മം.

വെളിപാടുഗ്രന്ഥത്തിലെ ഈ പ്രമേയങ്ങൾ അവതരിപ്പിക്കാൻ യോഹന്നാൻ അപ്പോക്കലിപ്റ്റിക്-പ്രവാചക ശൈലികൾ പ്രയോജനപ്പെടുത്തുന്നു. ദൈവത്തിന്റെ ശക്തിയും ചരിത്രത്തിലെ ഇടപെടലും അപ്പോക്കലിപ്റ്റിക് അവതരിപ്പിക്കുമ്പോൾ, ദൈവപദ്ധതിയിൽ മനുഷ്യൻ ചെയ്യേണ്ടവയ്ക്ക് പ്രവാചക ശൈലി പ്രാധാന്യം കൊടുക്കുന്നു. എല്ലാം ദൈവം നോക്കിക്കൊള്ളും എന്നു പറഞ്ഞ് നിഷ്ക്രിയനായിരിക്കുന്നതും മനുഷ്യന് ചരിത്രത്തിൽ എല്ലാം നിയന്ത്രിക്കാൻ കഴിയും എന്നു കരുതുന്നതും അപൂർണമായ കാഴ്ചപ്പാടുകളാണ്. ദൈവം ചരിത്രത്തെ മുന്നോട്ടുനയിക്കുന്നു എന്നു പറയുമ്പോൾത്തന്നെ, ആരാധനാസമൂഹം ഏറ്റെടുക്കേണ്ട ദൗത്യം യോഹന്നാൻ അവതരിപ്പിക്കുന്നു. അപ്പോക്കലിപ്റ്റിക്ക് വിവരണങ്ങൾക്കിടയ്ക്ക് പ്രവാചകദൗത്യം ചിത്രീകരിക്കുന്നതിന്റെ കാരണമതാണ്.

ആറാമത്തെ മുദ്ര കഴിഞ്ഞ് സ്വർഗത്തിലെ ദൃശ്യം അവതരിപ്പിച്ചതുപോലെ, അപ്പോക്കലിപ്റ്റിക്ക് ദൃശ്യങ്ങൾ നിറഞ്ഞുനില്ക്കുന്ന ആറു കാഹളങ്ങളുടെ വിവരണശേഷം പ്രവാചകവിളിയും (10,1-11) രണ്ടു സാക്ഷികളുടെ ദൗത്യവും (11,1-14) ചേർത്തിരിക്കുന്നു. ക്രമമായുള്ള അവതാരണത്തിനിടയ്ക്ക് പുതിയ ദൃശ്യങ്ങൾ ഉൾപ്പെടുത്തുന്നത് വെളിപാടിലെ വിവരണശൈലിയാണ്. ഇപ്രകാരം ഉൾപ്പെടുത്തുന്ന ഇടവേളകളിൽ ദൈവജനം തിരിച്ചറിയേണ്ട കാഴ്ചപ്പാടുകളും നിർവഹിക്കേണ്ട ദൗത്യവും യോഹന്നാൻ വ്യക്തമാക്കുന്നുണ്ട്. പ്രവാചകവിളിയും സാക്ഷികളുടെ ദൗത്യവും ദൈവജനത്തിനുള്ള പ്രത്യേകസന്ദേശമാണ്.

#### ചുരുളും പ്രവാചകവിളിയും (10,1-11)

തിന്മയ്ക്കെതിരേയുള്ള കാഹള ധ്വനികൾക്കിടയ്ക്ക് സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന ദൂതന്റെ സിംഹഗർജനംപോലുള്ള ശബ്ദം നാം കേൾക്കുന്നു (10,3). ആറാമത്തെ കാഹളധ്വനിക്കുശേഷം ഏഴാമത്തെ കാഹളവും ഇതുവരെയുള്ള സംഭവപരമ്പരകളുടെ പരിസമാപ്തിയുമാണ് നാം പ്രതീക്ഷിക്കുന്നത്. എന്നാൽ ലോകത്തിന്റെമേലുള്ള ദൈവത്തിന്റെ ശിക്ഷവിധിയല്ല നാമിവിടെ കാണുന്നത്. ആറാമത്തെ മുദ്രയ്ക്കുശേഷമെന്നപോലെ, ഇവിടെയും വായനക്കാർ അപ്പോക്കലിപ്റ്റിക്കിൽനിന്നു വ്യത്യസ്തമായ ദൃശ്യലോകത്തേക്ക് ആനയിക്കപ്പെടുന്നു. തിന്മയുടെ ശക്തികളിലേക്കും അതിനെ പിഞ്ചെല്ലുന്നവരിലേക്കുമാണ് കാഹളങ്ങളുടെ വിവരണങ്ങൾ നമ്മുടെ ശ്രദ്ധതിരിക്കുന്നതെങ്കിൽ ഇവിടെ ആരാധനാസമൂഹം തന്നെയാണ് ശ്രദ്ധാകേന്ദ്രം. തിന്മ ഉന്മൂലനംചെയ്യുന്ന ദൈവക്രോധമായിരുന്നു നാം ഇതുവരെ കണ്ടതെങ്കിൽ, തിന്മയുടെ കൂടെ നില്ക്കുന്നവരുടെ മുന്നിൽ ദൈവജനം നല്കുന്ന ധീരമായ സാക്ഷ്യമാണ് ഇവിടെ പ്രധാന പ്രമേയം.

ചെറിയ ചുരുളേന്തി ഇറങ്ങിവരുന്ന മേഘാവൃതനായ ദൂതന്റെ ദൃശ്യമാണ് യോഹന്നാൻ കാണുന്നത് (10,1-2). അഞ്ചാം അധ്യായത്തിൽ കുഞ്ഞാടിന്റെ കൈയിലുള്ള മുദ്രവച്ച ചുരുളിൽനിന്നും വ്യത്യസ്തമാണ് ചെറിയചുരുൾ. മുദ്രവച്ച ചുരുൾ തുറക്കപ്പെടാനുള്ളതാണ്. ഇതു തുറക്കാൻ യോഗ്യൻ കുഞ്ഞാടുമാത്രം. ഏഴു മുദ്രകൾ തുറക്കുമ്പോൾ സംഭവിക്കുന്നവയുടെ വിവരണങ്ങളാണ് ആദ്യ സപ്തഗണത്തിലെ പ്രമേയം. എന്നാൽ ചെറിയ ചുരുളാകട്ടെ, ഭക്ഷിക്കാനായി നല്കപ്പെടുന്നു.

വായിൽ മധുരിക്കുകയും ഉദരത്തിൽ കയ്പായി മാറുകയും ചെയ്യുന്ന ഈ ചുരുൾ ദൈവം മനുഷ്യനു നല്കുന്ന ദൗത്യത്തിന്റെ പ്രതീകമാണ്. ഇത് ഭക്ഷിക്കുന്ന യോഹന്നാന് പ്രവചിക്കാനുള്ള ദൗത്യം ലഭിക്കുന്നു. എന്നാൽ, യോഹന്നാൻമാത്രം സ്വീകരിക്കുന്ന ദൗത്യമല്ല ഇവിടെ വിവരിക്കുന്നത്. പതിനൊന്നാം അധ്യായത്തിലെ രണ്ടു സാക്ഷികൾ പ്രവചിക്കുമ്പോൾ, യോഹന്നാനു ലഭിച്ച ദൗത്യം അവരും ഏറ്റെടുക്കുന്നതായി നമുക്കു മനസ്സിലാക്കാം. ഈ സാക്ഷികൾ ദൈവജനം മുഴുവന്റെയും പ്രതീകമാണ്.

ദൈവസന്ദേശം കൊണ്ടുവരുന്നവനാണ് മേഘാവൃതനായ ദൂതൻ. അവന്റെ ശിരസ്സിനു മുകളിലുള്ള മഴവില്ല് ദൂതൻ കൊണ്ടുവരുന്ന സന്ദേശം ദൈവകരുണയുടെ വാഗ്ദാനമാണെന്നു (ഉത്പ 9,13-17) സൂചിപ്പിക്കുന്നു. ഒന്നാം അധ്യായത്തിലെ മനുഷ്യപുത്രന്റെ വിവരണത്തോട് ചില സാമ്യങ്ങൾ ദൂതന്റെ ചിത്രത്തിലും കാണാം. അഗ്നിസ്തംഭങ്ങൾപോലെയുള്ള പാദം മനുഷ്യപുത്രന്റെ പിച്ചളപോലെയുള്ള പാദവും സിംഹം ഗർജ്ജിക്കുന്നപോലെയുള്ള സ്വരം പെരുവെള്ളത്തിന്റെ ശബ്ദവും നമ്മെ ഓർമിപ്പിക്കുന്നു. ഈ ദൂതൻ ക്രിസ്തുവാണെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും, യോഹന്നാൻ ഇവിടെ ദൈവത്തിന്റെയും

ക്രിസ്തുവിന്റെയും സാന്നിധ്യമുള്ള ദൂതനെയാണ് ഉദ്ദേശിക്കുന്നതെന്നു പറയാം. ദൂതന്റെ സന്ദേശം ലോക മെമ്പാടുമുള്ള എല്ലാവർക്കുമുള്ളതാണെന്നു കാണിക്കാനാണ് കരയിലും കടലിലും നില്ക്കുന്നവനായി ഇവിടെ അവതരിപ്പിക്കുന്നത്. വലത്തുകരം ഉയർത്തി ഈ സന്ദേശം സത്യസന്ധമാണെന്ന് (ഉത്പ 14,22-23; നിയ 32,40) ദൂതൻ പ്രഖ്യാപിക്കുന്നു. തിന്മ കൊടികുത്തിവാഴുന്ന ലോകത്തിൽ ദൈവവാഗ്ദാനങ്ങൾ നിവൃത്തിയാകുമെന്ന ഉറപ്പ് ആരാധനാസമൂഹത്തിന് ഈ സന്ദേശം നല്കുന്നു.

ചുരുളെടുത്തു ഭക്ഷിക്കാനുള്ള സ്വർഗീയസ്വരം ദൈവം ഏല്പിക്കുന്ന ദൗത്യം യോഹന്നാൻ ഏറ്റെടു ക്കണമെന്ന ആഹ്വാനംതന്നെയാണ്. ജറെമിയ പ്രവാചകന്റെയും (ജറെ 1,9) എസക്കിയേൽ പ്രവാച കന്റെയും (എസ 2,8-3,3) ദൈവവിളിക്കു സമാനമാണ് ഇവിടെ വിവരിക്കുന്ന വിളിയും. ചുരുൾ ഭക്ഷിക്കുന്ന യോഹന്നാൻ ദൈവം ഭരമേല്പിക്കുന്ന ദൗത്യം സസന്തോഷം ഏറ്റെടുക്കുന്നു. അതോടൊപ്പം, ഇതു നിറ വേറ്റുമ്പോഴുള്ള വേദനകളും അദ്ദേഹം ഇരുകൈയുംനീട്ടി സ്വീകരിക്കുന്നുവെന്നും മനസ്സിലാക്കാം. ദൈവ ജനത്തിന് രക്ഷയുടെ സന്ദേശവും മാനസാന്തരപ്പെടാത്തവർക്ക് കയ്പേറിയ വിധിയും ഈ ചുരുൾ അർഥ മാക്കുന്നു; മാത്രമല്ല, ഈ സന്ദേശം പ്രഘോഷിക്കുന്നവർ നേരിടേണ്ട സഹനങ്ങളും സൂചിപ്പിക്കുന്നു.

**രണ്ടു സാക്ഷികൾ (11,1-13)**

പ്രവാചകദൗത്യം ഏല്പിക്കപ്പെട്ട യോഹന്നാന് മുഴക്കോൽ നല്കപ്പെടുന്ന ദൃശ്യത്തോടെയാണ് പതിനൊന്നാം അധ്യായം ആരംഭിക്കുന്നത്. ദേവാലയവും ബലിപീഠവും അവിടെ ആരാധിക്കുന്ന വരെയും അളക്കാൻ ആവശ്യപ്പെടുന്നുണ്ടെങ്കിലും, യോഹന്നാൻ ഈ ദൗത്യം നിർവഹിക്കുന്നതായി ഇവിടെ വിവരി ക്കുന്നില്ല. എന്നാൽ, രണ്ടു സാക്ഷികളെ പ്രവചിക്കാൻ ചുമതലപ്പെടുത്തുന്നതും അവർ ആയിരത്തിരുന്നൂ റ്ററുപതുദിവസം പ്രവചിക്കുന്നതും നാമിവിടെ കാണുന്നുണ്ട്. യോഹന്നാനു ലഭിക്കുന്ന പ്രവാചകദൗത്യ ത്തിന്റെ തുടർച്ചതന്നെയാണ് രണ്ടു സാക്ഷികളുടേതെന്ന് നമുക്ക് അനുമാനിക്കാം. ചുരുൾ ഭക്ഷിക്കുമ്പോൾ യോഹന്നാനു സംഭവിക്കുമെന്നു പറയുന്നവ ഈ സാക്ഷികളുടെ ജീവിതത്തിൽ യാഥാർഥ്യമാകുന്നു.

പ്രവാചകദൗത്യം ആർക്കാണ് ഇവിടെ ലഭിക്കുന്നതെന്ന് പണ്ഡിതരുടെയിടയിൽ ചർച്ചാവിഷയ മാണ്. ''രണ്ടു സാക്ഷികൾ'' ഒരുമിച്ചു നിർവഹിക്കുന്ന ദൗത്യമാണ് ഇവിടത്തെ പ്രത്യേകത. രണ്ടു പേരുടെ സാക്ഷ്യം അവർ നല്കുന്ന സന്ദേശം വിശ്വാസയോഗ്യമാണെന്നു സൂചിപ്പിക്കുന്നു. യഹൂദനിയ മമനുസരിച്ച്, ഒരു കാര്യം സത്യസന്ധമാകണമെങ്കിൽ രണ്ടോ അതിലധികമോ പേരുടെ സാക്ഷ്യം ആവ ശ്യമാണ് (സംഖ്യ 35,30; നിയ 17,6). പ്രവാചകർ നല്കുന്ന വിശ്വാസയോഗ്യമായ സാക്ഷ്യമാണ് ഇവിടെ അർഥമാക്കുന്നത്. വിശ്വാസയോഗ്യമല്ലാത്ത സാക്ഷ്യംനല്കി ദൈവജനത്തെ വഴിതെറ്റിക്കുന്ന വ്യാജപ്രവാച കരെ സഭകൾക്കുള്ള കത്തുകളിൽ നാം കാണുന്നുണ്ടല്ലോ. യഥാർഥപ്രവാചകർ യേശുവിന്റെ സാക്ഷ്യ ത്തിൽ പങ്കുചേരുന്നവരാണ്.

പഴയനിയമത്തിലെ പ്രവാചകരായ മോശയുടെയും ഏലിയായുടെയും (11,6) ശക്തി ഇവരി ലുണ്ട്. ദൈവികസാന്നിധ്യം ഇവരിൽ നിറഞ്ഞുനില്ക്കുന്നുവെന്ന് ഇവർ ചെയ്യുന്ന അദ്ഭുതപ്രവൃത്തി കൾ സാക്ഷ്യ പ്പെടുത്തുന്നു (പുറ 7,17-18; 1 രാജാ 17,1). ദൈവം നല്കിയ ദൗത്യം പൂർത്തിയാക്കാൻ ഈ സാക്ഷികൾക്കു സാധിക്കുമെന്ന വ്യക്തമായ സൂചന നല്കുമ്പോഴും (11,7) തങ്ങളുടെ ദൗത്യനിർവഹണത്തിനായി അവർ ജീവൻ ത്യജിക്കേണ്ടിവരുമെന്നുകൂടി ഓർമിപ്പിക്കുന്നുണ്ട്. പ്രവാചകരുടെ സാക്ഷ്യം യേശുവിന്റെ വിശ്വസ്ത സാക്ഷ്യവുമായി സാമ്യമുള്ളതാണെന്ന് പിന്നീടുള്ള വിവരണത്തിൽ വ്യക്തമാണ്. നാഥൻ ക്രൂശിക്കപ്പെട്ടതും മൂന്നരദിവസത്തിനുശേഷം എഴുന്നേറ്റുനില്ക്കുന്നതും സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നതും (11,8-12) യേശു വിന്റെ പീഡാനുഭവ-മരണ-ഉത്ഥാനത്തിൽ സാക്ഷ്യം വഹിക്കുന്നവർ പങ്കുചേരുന്നതു സൂചിപ്പിക്കുന്നു.

ദൈവജനം നല്കുന്ന സാക്ഷ്യത്തിന്റെ ലക്ഷ്യം ജനതകളുടെ മാനസാന്തരമാണ്. അനുതപിക്കാൻ ഭൂവാസികൾ സാധാരണ വിമുഖരാണെങ്കിലും, രണ്ടുപ്രവാചകരുടെ സാക്ഷ്യം അവരെ മാനസാന്തരത്തി ലേക്കു നയിക്കുന്നതിന്റെ സൂചനകൾ ഇവിടെ കാണാം (11,13).'ശേഷിച്ചവർ ഭയാധീനരായി, സ്വർഗസ്ഥനായ ദൈവത്തിനു മഹത്ത്വം നല്കി' എന്നു പറയുമ്പോൾ ഇതല്ലേ അർഥമാക്കുന്നത്?

വെളിപാടു ഗ്രന്ഥത്തിലെ മുഖ്യപ്രമേയങ്ങളിൽ ഒന്നാണ് സാക്ഷ്യം. യോഹന്നാന്റെ സുവിശേഷ ത്തിലും 'സാക്ഷ്യം' പ്രധാനപ്രമേയമാണ്. അവിടെ ശിഷ്യത്വം സാക്ഷ്യത്തിൽ പൂർത്തിയാകുന്നുവെന്ന് സുവിശേഷകൻ വിവരിക്കുന്നു. യേശുവിനെ കണ്ടെത്തുന്ന സമറയക്കാരി തന്റെ ഗ്രാമവാസികളെയും വിശ്വാസത്തിലേക്കു കൊണ്ടുവരുന്നതു നാം കാണുന്നുണ്ട്.

എന്നാൽ, സുവിശേഷത്തിൽനിന്നുള്ള വ്യത്യാസം ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. യേശുവിന്റെ കുരിശുമരണംവരെയുള്ള വിശ്വസ്തസാക്ഷ്യത്തിൽ പങ്കുചേരാൻ വിളിക്കപ്പെട്ടവരാണ് (1,2; 6,9) ദൈവജനമെന്ന് രണ്ടു സാക്ഷികളുടെയും വിവരണം വ്യക്തമാക്കുന്നു. ''മരണത്തിനു മുമ്പിൽപ്പോലും

അവർ സ്വജീവനെ സ്നേഹിച്ചില്ല'' (12,11) എന്നു പറയുമ്പോൾ യേശുവിന്റെ കുരിശുമരണത്തിൽ ഇവർ പങ്കുചേരുന്നു എന്നല്ലേ അർഥമാക്കുന്നത്! യേശുവിനു സാക്ഷ്യംനല്കാൻ വിളിക്കപ്പെട്ടവരെ ഞെരുക്കങ്ങളും പീഡകളും മരണംതന്നെയും കാത്തിരിക്കുന്നെന്ന് വെളിപാട് ഓർമ്മിപ്പിക്കുന്നു.

ഈ അദ്ധ്യായത്തിന്റെ അവസാനം പ്രത്യക്ഷപ്പെടുന്ന ഏഴാമത്തെകാഹളം ദൈവരാജ്യത്തിന്റെ ആഗമനം വിളംബരംചെയ്യുന്നു (11,15). ദൈവത്തിന്റെ ആലയം തുറക്കപ്പെടുന്നതും അവിടത്തെ സാന്നിധ്യം പ്രകടമാകുന്നതും (11,19) നാമിവിടെ കാണുന്നു. ഏഴാമത്തെ കാഹളം മുഴങ്ങുമ്പോൾ ദൈവവാഗ്ദാനം യാഥാർഥ്യമാകും എന്നു പ്രതീക്ഷിച്ചിരിക്കുന്നവരെ കാത്തിരിക്കുന്നത് യേശുവിനു സാക്ഷ്യംനല്കാനുള്ള വിളിയാണ്. തിന്മകൾക്കെതിരെയുള്ള ദൈവത്തിന്റെ ക്രോധവും ദൈവഭക്തർക്കുള്ള പ്രതിഫലവും ഇവിടെ വിവരിക്കുന്നുണ്ട്. ദൈവത്തിന്റെ വാഗ്ദാനങ്ങൾ മനുഷ്യചരിത്ര ത്തിൽ നിറവേറുമെന്നതു ശരിതന്നെ. എന്നാൽ, കുരിശിലെ സാക്ഷ്യത്തിലൂടെ ചരിത്രം നവീകരിക്കു കയെന്ന പ്രവാചകദൗത്യത്തിൽ പങ്കുചേരുകയാണ് മനുഷ്യധർമം. സ്വജീവിതത്തിൽ യേശുവിനു സുധീരം സാക്ഷ്യംനല്കുന്ന ദൈവജനത്തെയാണ് രണ്ടു സാക്ഷികൾ നമ്മെ ഓർമിപ്പിക്കുന്നത്.അജയ്യരെന്നു കരുതപ്പെടുന്ന ഭൗമികശക്തികളുടെ വിധിയും പരാജയവും ഞെരുക്കങ്ങളിലൂടെ കടന്നുപോകുന്ന ദൈവജനത്തിന്റെ ആത്യന്തികവിജയവും പുതിയ ദർശനം ലഭിക്കുന്നവർ തിരിച്ചറിയുന്നു.

### സ്ത്രീയും മഹാവ്യാളിയും (12,1–15,4)

വെളിപാടിൽ പത്താം അധ്യായം മുതൽ തുടങ്ങുന്ന ഇടവേള ഏഴാം കാഹള വിവരണശേഷം (11,15–19) പന്ത്രാണ്ടാം അധ്യായത്തിലെ സ്ത്രീയുടെയും മഹാവ്യാളിയുടെയും വിവരണത്തിൽ തുടരു ന്നതു നമുക്കു കാണാം. സ്ത്രീയുടെ ചിത്രം പതിനൊന്നാം അധ്യായത്തിലെ രണ്ടു സാക്ഷികളുടെ വിവരണവുമായും വ്യാളിയുടേത് പതിമൂന്നാം അധ്യായത്തിലെ മൃഗങ്ങളുടെ വിവരണവുമായും ഒന്നു ചേർന്നിരിക്കുന്നു. യേശുക്രിസ്തുവിന്റെ സാക്ഷ്യത്തിൽ പങ്കുചേരുന്നവർക്ക് തിന്മയുടെ ശക്തികളിൽ നിന്നു നല്കുന്ന സംരക്ഷണമാണ് സ്ത്രീയുടെ വിവരണത്തിലെ മുഖ്യപ്രമേയം.

#### സ്ത്രീയുടെ പ്രതീകവും ദൈവപരിപാലനവും (12,1–18)

വെളിപാടിലെ 11–12 അധ്യായങ്ങൾ തമ്മിൽ ഘടനാപരമായും ആശയപരമായുമുള്ള സമാനത കൾ ഇവിടെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ അധ്യായങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സംഖ്യകൾ തമ്മിൽ ഒറ്റനോട്ടത്തിൽ വലിയ ബന്ധമൊന്നുമില്ല: നാല്പത്തിരണ്ടുമാസം, ആയിരത്തിരുന്നൂറ്ററുപതുദിവസം, മൂന്നര വർഷം സമയവും സമയങ്ങളും സമയത്തിന്റെ പകുതിയും. പക്ഷേ, ഇവയിലെല്ലാം പൊതുവായുള്ള സംഖ്യ മൂന്നര വർഷമാണ്. 'സമയവും സമയങ്ങളും സമയത്തിന്റെ പകുതിയു'മെന്നതും മൂന്നര തന്നെയാണ്. പ്രവാചകരുടെ സാക്ഷ്യവും സ്ത്രീക്കു ലഭിക്കുന്ന സംരക്ഷണവും ആയിരത്തിരുന്നൂറ്ററു പതു ദിവസം നീണ്ടുനില്ക്കുന്നു. രണ്ടു സാക്ഷികൾ ദൈവജനത്തിന്റെ പ്രതീകമാണെന്ന് പണ്ഡിതർ അഭിപ്രായപ്പെടുന്നു. പഴയനിയമത്തിൽ ദൈവജനത്തിന്റെ പ്രതീകമായ സ്ത്രീ വെളിപാടിലും ഇതു തന്നെയാണു സൂചിപ്പിക്കുന്നത്.

രണ്ടു പ്രവാചകർ നല്കുന്ന സാക്ഷ്യം സ്ത്രീയുടെ പ്രതീകത്തിൽ തുടരുന്നതായി കാണാം. സാക്ഷ്യം നല്കുകയെന്നാൽ യേശുവിനെ ലോകത്തിനു നല്കുകയെന്നാണ് അർഥം. സ്ത്രീ ആൺകുഞ്ഞിനു ജന്മംനല്കുന്നതും അതുതന്നെയല്ലേ അർഥമാക്കുന്നത്! രണ്ടു സാക്ഷികൾ നേരിടുന്ന പീഡനങ്ങൾ സ്ത്രീയുടെ മരുഭൂമിയിലേക്കുള്ള പലായനത്തിലും നിഴലിച്ചിരിക്കുന്നു. അവളെ ഒഴുക്കി ക്കളയാൻ വ്യാളി പുറപ്പെടുവിക്കുന്ന ജലവും ഇതുതന്നെയാണ് സൂചിപ്പിക്കുന്നത്.

പന്ത്രണ്ടാം അധ്യായത്തിലെ പ്രധാന പ്രമേയം, സാക്ഷ്യംനല്കുന്ന ദൈവജനത്തിനു ലഭിക്കുന്ന ദൈവികസംരക്ഷണമാണ്. മൂന്നരവർഷം നീളുന്ന രണ്ടു പ്രവാചകരുടെ സാക്ഷ്യത്തിനു സമാന്തരമായി ഇവിടെ മൂന്നരവർഷം ദൈവം നല്കുന്ന സംരക്ഷണം യോഹന്നാൻ വിവരിക്കുന്നു. 'അവളെ പോറ്റുന്നതിനു തയ്യാറാക്കിയ സ്ഥലവും' (12,6) 'സർപ്പത്തിൽ നിന്നകലേ പോറ്റപ്പെടുന്നതും' (12,14) ദൈവം തന്റെ ജനത്തെ സംരക്ഷിക്കുന്നതിന്റെ പ്രതീകങ്ങളാണ്. മരുഭൂമി പഴയനിയമത്തിൽ പൈശാചിക ശക്തികൾ വിളയാടുന്ന സ്ഥലം മാത്രമല്ല, ദൈവത്തിന്റെ പരിപാലനത്തിന്റെ വേദികൂടിയാണ്. മരുഭൂമി യിലാണല്ലോ, അഗ്നിസ്തംഭമായും മേഘത്തൂണായും മന്നയും ജലവുമായും ദൈവസാന്നിധ്യവും ദൈവികപരിപാലനവും പുറപ്പാടിൽ ഇസ്രായേൽ ജനം അനുഭവിച്ചറിഞ്ഞത്.

ദൈവം തിന്മയുടെ ശക്തികളെ ആത്യന്തികമായി പരാജയപ്പെടുത്തുന്നതോടെ ദൈവജനം ദൈവപരിപാലനം ആഴമായി അനുഭവിച്ചറിയുന്നു. മഹാവ്യാളി ഭൂമിയിലേക്കു വലിച്ചെറിയപ്പെട്ടു (12,9) എന്ന പ്രഖ്യാപനം തിന്മയെ കീഴടക്കുന്നതിന്റെ പ്രതീകമാണ്. കുഞ്ഞാടിന്റെ രക്തമാണ് വ്യാളിയെ ആത്യന്തികമായി പരാജയപ്പെടുത്തുന്നതെങ്കിൽ, മനുഷ്യചരിത്രത്തിൽ ഇതിന്റെമേലുള്ള വിജയം പൂർത്തിയാകുന്നത്

ദൈവജനത്തിന്റെ സാക്ഷ്യത്തിലൂടെയും (12,11). സാക്ഷ്യംനല്കാൻ തയ്യാറാകുന്ന ദൈവജനത്തിനു ലഭിക്കുന്ന ദൈവപരിപാലനമാണ് ഇവിടെയുള്ള പ്രമേയം. ആയിരത്തിയിരുന്നൂറ്ററുപതു ദിവസം സാക്ഷ്യം നല്കുന്നവർക്ക് ആയിരത്തിയിരുന്നൂറ്ററുപതു ദിവസവും ദൈവപരിപാലനം ഉറപ്പാണെന്ന വാഗ്ദാനം ദൈവം നല്കുന്നു.

**തിന്മയുടെ ത്രിമൂർത്തികൾ (13,1-18)**

ദൈവപരിപാലനത്തിന്റെ സദ്വാർത്ത നല്കുന്നതോടൊപ്പം, തങ്ങളുടെ ചുറ്റും സദാ പ്രവർത്തന നിരതമായിരിക്കുന്ന തിന്മയുടെ ശക്തികളെയും യോഹന്നാൻ ചിത്രീകരിക്കുന്നു. മഹാവ്യാളി (12,18), കടലിൽ നിന്നുവരുന്ന മൃഗം (13,1), ഭൂമിക്കുള്ളിൽനിന്നു വരുന്ന മൃഗം (13,11) എന്നിവയെ ദൈവിക ത്രിത്വത്തിനു സമാന്തരമായ പൈശാചികത്രിമൂർത്തികളുടെ പാരഡിയായി കാണാം. റോമിന്റെ രാഷ്ട്രീയ പരമാധികാരമാണ് ആദ്യമൃഗം സൂചിപ്പിക്കുന്നതെങ്കിൽ, രണ്ടാമത്തെ മൃഗം റോമിന്റെ കീഴിൽ നില്ക്കുന്ന പ്രവിശ്യാധികാരികളെ സൂചിപ്പിക്കുന്നു. ഇന്ന് ഈ മൃഗങ്ങളെ തിന്മയുടെ വിവിധ തലങ്ങളുടെ പ്രതീകങ്ങളായി കാണാം.

മണൽത്തിട്ടയിൽ നിലയുറപ്പിക്കുന്ന സർപ്പവും പത്തു കൊമ്പും പത്തു തലയുമായി കയറിവരുന്ന മൃഗവും ഭൂമിയിലേക്ക് അഗ്നിയിറക്കുന്ന മൃഗവും ആദ്യം നമ്മെ ഭയപ്പെടുത്തുമെങ്കിലും, അവയെ ഭയപ്പെടേണ്ടതില്ലെന്ന പരോക്ഷമായ സൂചനയുണ്ട്. മണൽത്തിട്ടയിൽ നിലയുറപ്പിച്ച് (12,18) യുദ്ധംചെയ്യാൻ കഴിയുമോ? വ്യാളിയുടെ ബലഹീനത ഇവിടെ പരോക്ഷമായി ചിത്രീകരിച്ചിരിക്കുന്നു.

ദൈവത്തെ സ്വതന്ത്രമായി ആരാധിക്കുന്നത് നാം കാണുന്നുണ്ട്. എന്നാൽ, ആദ്യത്തെ മൃഗത്തെ ആരാധിക്കാൻ രണ്ടാമത്തെ മൃഗം ജനത്തെ നിർബന്ധിക്കേണ്ടിവരുന്നു (13,12). ജനത്തിന്റെമേൽ അതിന് അധികാരം 'നല്കപ്പെടുന്നു' (13,7) എന്നു പറയുമ്പോൾ അധികാരം നല്കുന്നവൻ കൂടുതൽ ശക്തനാണെന്നു വ്യക്തം. ''ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും വരാനിരിക്കുന്നതുമായ'' (17,8) മൃഗം എന്നു പറയുമ്പോൾ, അതിന് അസ്തിത്വം ഇല്ലയെന്നുതന്നെയല്ലേ അർഥമാക്കുന്നത്? ''ആയിരിക്കുന്ന വനായ'' (1,4) ദൈവത്തിന്റെ ചിത്രീകരണത്തിനു നേരേ വിപരീതമാണ് മൃഗത്തിന്റെ ചിത്രം. അസ്തിത്വ മില്ലാത്ത മൃഗത്തെ ഭയപ്പെടേണ്ടതില്ല എന്ന ആശ്വാസവചനം ഇവിടെ കേൾക്കാം.

**തിന്മയെ കീഴടക്കുന്ന കുഞ്ഞാടും സൈന്യവും (14,1-15,4)**

തിന്മയുടെ ശക്തികൾക്കെതിരേ പോരാടി അവയെ വിജയിച്ചവർ, സീയോൺ മലയിൽ കുഞ്ഞാടിനോടൊപ്പം നില്ക്കും (14,1). ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സംരക്ഷണ മുദ്രകൾ അവരുടെ മേലുണ്ട്. 'കുഞ്ഞാടു പോകുന്നേടത്തെല്ലാം അതിനെ അനുഗമിക്കുന്നവർ' (14,4) യേശുവിന്റെ കുരി ശിലെ സാക്ഷ്യത്തിലും പങ്കുചേരുന്നവരാണ്. തിന്മയുടെ ഭീകരചിത്രങ്ങൾക്കുശേഷം വരുന്ന ഈ രംഗം ദൈവജനം തിന്മയെ ജയിക്കുമെന്ന ഉറപ്പ് നമുക്കു നല്കുന്നു.

വിധിയുടെ സന്ദേശവുമായി വരുന്ന ഏഴു ദൂതരുടെ വിവരണമാണ് പിന്നീടു നാം കാണുന്നത് (14,6-20). തിന്മയുടെ ശക്തികൾക്കെതിരായ ദൈവത്തിന്റെ ഇടപെടൽതന്നെയാണ് ദൂതരിലൂടെ വെളിപ്പെടുന്നത്. ദൈവത്തിന്റെ സനാതനസുവിശേഷവുമായി കടന്നുവരുന്ന (14,6) ആദ്യദൂതൻ സ്രഷ്ടാ വായ ദൈവത്തെ ആരാധിക്കാൻ ആവശ്യപ്പെടുന്നു. തിന്മയുടെ പ്രതീകമായ ബാബിലോണിനെതിരായ വിധിപ്രസ്താവമാണ് രണ്ടാമത്തെ ദൂതനിൽനിന്നു നാം കേൾക്കുന്നത് (14,8). മൂന്നാമത്തെ ദൂതൻ റോമൻഅധികാരികൾക്കെതിരേയും രാജാരാധനയിൽ പങ്കുചേരുന്നവർക്കെതിരേയും വിധി ഉച്ചരിക്കുന്നു (14,9-10). നാലാമത്തെ ദൂതൻ കൊയ്ത്തരിവാളുമായി വരുമ്പോൾ, മറ്റൊരു ദൂതൻ കൊയ്യാനുള്ള നിർദ്ദേശം നല്കുന്നു (14,14-15). ആറാമത്തെ ദൂതന്റെ കയ്യിലും യുഗാന്തകൊയ്ത്തിനുള്ള അരിവാളുണ്ട് (14,17). അവസാനത്തെ ദൂതനാകട്ടെ, കൊയ്യാനുള്ള ആഹ്വാനവുമായി വരുന്നു (14,18-20) ഇവിടെയാല്ലാം വിധി കൊയ്ത്തിനോട് ഉപമിച്ചിരിക്കുന്നതു നാം കാണുന്നു. തിന്മയുടെ ശക്തികൾ മാത്രമല്ല, അവയുടെകൂടെ നില്ക്കുന്നവരും ശിക്ഷാവിധിക്ക് കീഴ്പ്പെടുന്നു.

സ്ത്രീയുടെയും തിന്മയുടെ ശക്തികളുടെയും വിവരണത്തിന്റെ സമാപനമായി വിജയഗീതം മുഴങ്ങുന്നു (15,1-4). മോശയുടെ ഗീതവും കുഞ്ഞാടിന്റെ ഗീതവും പഴയനിയമത്തിലെ പുറപ്പാടിനു സമാന്തരമായ പുതിയ പുറപ്പാടിന്റെ വിജയാഹ്ലാദംതന്നെയാണ്. ഏഴു മഹാമാരികളേന്തിയ ദൂതരെ സൂചിപ്പിക്കുന്നതുവഴി (15,1) തുടർന്നുവരുന്ന ഭാഗവുമായും ഈ വിവരണത്തെ ബന്ധിപ്പിച്ചിരിക്കുന്നു. തിന്മയ്ക്കെതിരേയുള്ള യുദ്ധത്തിൽ പ്രതീക്ഷനല്കുന്നത്, ദൈവജനത്തിന്റെ സുനിശ്ചിതമായ വിജയം തന്നെയാണ്. ഞെരുക്കങ്ങളുടെയിടയിലും യേശുവിനു സാക്ഷ്യം നല്കുന്ന സമൂഹത്തിനു ശക്തിപകരുന്ന ഈ സന്ദേശമാണ് ഇടവേളയിലുള്ള വിവരണത്തിന്റെ പ്രാധാന്യം.

**ഏഴുചഷകങ്ങൾ (15,5–16,21)**

ദൈവകോപത്തിന്റെ ഏഴുചഷകങ്ങളാണ് തുടർന്നു ചൊരിപ്പെടുന്നത്. കാഹളങ്ങളുടെ വിവരണത്തിനു സമാനമാണിതെങ്കിലും അത്യന്തം ഭയാനകമാണ് ഇതിലെ ദുരന്തങ്ങൾ. സത്യസന്ധവും നീതിയുക്തവുമായ ദൈവവിധിയാണ് ഇവിടെ പ്രത്യക്ഷമാകുന്നതു നാം കാണുന്നു. ദൈവത്തോടും കുഞ്ഞാടിനോടും ചേർന്നു നില്ക്കുന്നവർക്കു ലഭിക്കുന്ന പ്രതിഫലവും തിന്മപ്രവർത്തിക്കുന്നവർക്കുള്ള ശിക്ഷയും ഈ വിവരണങ്ങളിൽ വെളിപ്പെടുന്നു. പുറപ്പാടിന്റെ പുസ്തകത്തിൽ വിവരിക്കപ്പെടുന്ന പീഢകൾക്കു സമാനമാണ് ഇവിടെയുള്ളവയും. പുതിയപുറപ്പാടിന്റെ സ്മരണകൾ ഇതുണർത്തുന്നു.

തിന്മകളുടെ ശക്തികളെല്ലാം ദൈവത്തെ വെല്ലുവിളിച്ച് ഹർമഗെദോണിൽ ഒരുമിച്ചുകൂടുന്നു (16,14). പക്ഷേ, അവയുടെ ഉന്മൂലനത്തിന്റെ ആദ്യപടിയാണിതെന്ന് അവ തിരിച്ചറിയുന്നില്ല. ഏഴാമത്തെ ചഷകം ഒഴിക്കുമ്പോൾ ദൈവപ്രത്യക്ഷത്തിന്റെ രംഗം വെളിപ്പെടുന്നു (16,18). അതോടൊപ്പം തിന്മകളുടെ നിർണായകമായ സർവനാശവും. ദൈവം തന്റെ അനന്തപരിപാലനയിൽ തന്റെ ജനത്തെ സംരക്ഷിക്കുന്നതും തിന്മകളെയെല്ലാം ഇല്ലായ്മചെയ്യുന്നതും മഹാമാരികളുടെ സപ്തഗണങ്ങൾ വിവരിക്കുന്നു. ചീട്ടുകൊട്ടാരംപോലെ തിന്മയുടെ ശക്തികൾ തകർന്നുവീഴുന്നതിന്റെ ചിത്രീകരണങ്ങളാണ് തുടർന്നുള്ള അദ്ധ്യായങ്ങൾ. സർവപ്രപഞ്ചത്തിന്റെയും രക്ഷയുടെ പ്രതീകമായ പുതിയ ആകാശവും പുതിയ ഭൂമിയുമാണ് സമാപന ദൃശ്യം.

Prepared by
Dr. Johnson Puthussery CST
POC, Palarivattom